പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1737 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഉൾപ്പെട്ട വാഹനാപകടങ്ങൾ

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉൾപ്പെട്ട എത്ര വാഹനാപകടങ്ങളാണ് 2015 ലും 2016 ലും ഉണ്ടായത്; അതിൽ എത്ര പേർ മരണമടഞ്ഞു; എത്രപേർക്ക് പരിക്ക് പറ്റി; | (എ) | 2015-ൽ കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ 1379 എണ്ണം ഉണ്ടായി. അതിൽ 208 പേർ മരണപ്പെടുകയും, 2528 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. 2016-ൽ 1367 കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ ഉണ്ടാകുകയും, 173 പേർ മരണപ്പെടുകയും 2269 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. |
| (ബി) | കെ.എസ്.ആർ.ടി.സി. അപകട നഷ്ടപരിഹാരത്തിനായി 2015 ലും 2016 ലും എന്ത് തുകയാണ് നൽകിയത്; | (ബി) | (see table below) |
| (സി) | കെ.എസ്.ആർ.ടി.സി യിലെ അപകടങ്ങൾ കുറയ്ക്കുവാൻ എന്ത് നടപടിയാണ് കൈകൊള്ളുവാൻ ഉദ്ദേശിക്കുന്നത്? | (സി) | കെ.എസ്.ആർ.ടി.സി ബസുകളുടെ അപകടങ്ങൾ കുറക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ മാതൃകയിൽ ബസ് ബോഡി നിർമ്മിക്കുകയും ഡ്രൈവർമാർക്ക് പ്രത്യേകമായി പരിശീലനം നൽകുകയും, അപകടത്തിൽപെടുന്ന ഡ്രൈവർമാർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുകയുംചെയ്യുന്നു. ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കുകയും, രണ്ട് ഡ്രൈവർമാരെ വീതം നിയമിക്കുകയും ചെയ്ത് വരുന്നു. ബസുകളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ഗവർണർ എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും ഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡ്രൈവർമാർക്ക് നിരന്തരം പരശീലനം നൽകിവരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നേടിയ മുഴുവൻ |

| വർഷം | MACT amount | Bank attachment |
|---|---|---|
| 2015 | 159131755 | 107999390 |
| 2016 | 166414668 | 144450794 |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്കും പരിശീലനം നൽകിയ ശേഷം മാത്രമാണ് വാഹനം ഓടിക്കുന്നതിന് നിയോഗിക്കുന്നത്. സ്കാനിയ, വോൾവോ തുടങ്ങിയ ആധുനിക ബസുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്ക് പ്രസ്തുത വാഹന നിർമ്മാതാക്കളുടെ ഡ്രൈവർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകിയ ശേഷമാണ് നിയോഗിക്കുന്നത്. അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കോമേഴ്ഷ്യൽ വെഹിക്കിൾസ് എന്നീ വാഹന നിർമ്മാതാക്കളും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി ധാരണ പത്രം ഒപ്പ് വച്ച് കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നു. മോട്ടോർ വാഹന വകുപ്പ്, പോലീസ് എന്നി ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരും കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നുണ്ട്. ഇത്തരത്തിൽ പരിശീലനങ്ങൾ വളരെയധികം നൽകുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതും ചുവപ്പ് സിഗ്നൽ ലംഘിക്കുന്നതും അമിത വേഗതയിൽ വാഹനങ്ങൾ ഓടിക്കുന്നതുമായ റിപ്പോർട്ടുകൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് വർദ്ധിച്ചുവരികയാണ്. ഇത്തരം നിയമലംഘനങ്ങൾക്ക് നേരെ കർശനമായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**